പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1927 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഉയർന്ന നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ബസ്സുകളെക്കാൾ ഉയർന്ന നിരക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഈടാക്കുന്നത് യാത്രക്കാർ കുറയുന്നതിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സ്വകാര്യ ഓർഡിനറി ബസുകളേക്കാൾ ഉയർന്ന നിരക്ക് കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ ഈടാക്കുന്നത് യാത്രക്കാർ കുറയുന്നതിനുള്ള ഒരു കാരണമായി കണ്ടെത്തിയിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ ഈടാക്കുന്ന പെൻഷൻ സെസ്സ് ഒഴിവാക്കണമെന്ന് ഇത് സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ഉപസമിതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനം എടുത്തു; | (ബി) യും (സി) യും | സർക്കാർ ഇതിനായി ഉപസമിതി രൂപീകരിച്ചിട്ടില്ല. |
| (സി) | ഈ തീരുമാനം നടപ്പിലാക്കിയാൽ, നിലവിൽ നഷ്ടത്തിലോടുന്ന കെ. എസ്.ആർ.ടി.സി. ക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ എന്ത് കുറവ് ഉണ്ടാകും; | | |
| (ഡി) | നിലവിൽ ഈടാക്കുന്ന സെസ്സ് നിർത്തലാക്കിയാൽ പെൻഷൻ ഫണ്ടിലേക്ക് തുക കണ്ടെത്തുന്നതിന് എന്ത് ബദൽ നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഡി) | സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുക പെൻഷനു വേണ്ടി വരുന്ന തുകയുടെ 10% മാത്രമെ വരൂ. പെൻഷൻ ഫണ്ടിലേയ്ക്ക് തുക കണ്ടെത്തുന്നതിലേയ്ക്ക് ബദൽ നിർദ്ദേശം ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| (ഇ) | വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ കെ.എസ്.ആർ. ടി.സി ക്കുണ്ടാകുന്ന നഷ്ടം നികത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ? | (ഇ) | വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ ഉണ്ടാകുന്ന നഷ്ടം നികത്തണമെന്ന് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നത് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.ക്ക് പദ്ധതി - പദ്ധതിയിതര ഫണ്ട് ഉദാരമായി അനുവദിച്ചുകൊണ്ടും ഗുണകരമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയും നഷ്ടം പരമാവധി ഒഴിവാക്കി സ്ഥാപനത്തെ മെച്ചപ്പെടുത്തുക എന്നതാണ് സർക്കാർ നിലപാട്. |

**സെക്ഷൻ ഓഫീസർ**